# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3493      20.06.2018 ൽ മറുപടിക്ക്

### സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റ കൃത്യങ്ങളുടെ എണ്ണം പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിനനുസരിച്ച് കേസ് അന്വേഷിക്കുവാൻ ഉദ്യോഗസ്ഥർ ഇല്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ബി) സൈബർ കുറ്റകൃത്യങ്ങൾ പുതിയമേഖലകളിലേക്ക് വ്യാപിക്കുന്നതിനാൽ നിലവിൽ ഉദ്യോഗസ്ഥരുടെ കുറവ് അനുഭവപ്പെടുന്നുവെങ്കിലും കേസ്സന്വേഷണത്തെ ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | എല്ലാ ജില്ലകളിലും സൈബർ കുറ്റ കൃത്യങ്ങൾ പരിശോധിക്കുന്ന സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ജില്ലകളിൽ ഓരോ സൈബർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) എല്ലാ ജില്ലകളിലും സൈബർ കുറ്റ കൃത്യങ്ങൾ പരിശോധിക്കുന്നതിന് ജില്ലാ സൈബർ സെല്ലുകൾ നിലവിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. ഇതിനു പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17/04/2018 തീയതിയിലെ ജി.ഒ.(എം.എസ്) നം.68/2018 ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ എത്ര ഉദ്യോഗസ്ഥർ സൈബർ സെല്ലിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് നിലവിൽ വിവിധ റാങ്കുകളിലുള്ള 160 പോലീസ് ഉദ്യോഗസ്ഥർ ജില്ലകളിലെ സൈബർ സെല്ലുകളിൽ പ്രവൃത്തിയെടുത്തുവരുന്നു. |
| (ഇ) | എല്ലാ ജില്ലകളിലും സി.ഐ.റാങ്കിലുള്ള ഉദ്യോഗസ്ഥനെ സൈബർ സെല്ലിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | അടിയന്തരമായി സൈബർ കേസുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | സൈബർ കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ